രണ്ടു സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ തുക കാട്ടിയ മെ. ക്രിസ്റ്റി ഫ്രൈഡ്ഗ്രാം ഇൻഡസ്ട്രീസിനു സപ്ലൈ ഓർഡർ നൽകുകയുമാണു ചെയ്തത്.

(സി) ഗവ. അനലിറ്റിക്കൽ ലാബിൽ പരിശോധിച്ച ശേഷമാണു അംഗൻവാടികളിൽ വിതരണം ചെയ്തത്. അങ്കമാലി ഐ. സി. ഡി. എസ്. ലെ അംഗൻവാടികളിൽ വിതരണം ചെയ്യുന്നായി മേൽപറഞ്ഞ ഫുഡ് മിക്സ് ഭക്ഷ്യയോഗ്യമല്ല എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അംഗൻവാടികളിൽ വിതരണം ചെയ്തിട്ടില്ല. മുമ്പ് വിതരണം ചെയ്തിരുന്ന ഭക്ഷ്യമിശ്രിതം ഗവൺമെന്റ് അനലിറ്റിക്കൽ ലാബിൽ പരിശോധിച്ചതിനു ശേഷമാണു വിതരണം ചെയ്തിരുന്നത്. എന്നാൽ ഭക്ഷ്യമിശ്രിതം ഭക്ഷ്യയോഗ്യമല്ല എന്നുള്ള ലാബ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിതരണം ചെയ്തിട്ടില്ല. ഭക്ഷ്യമിശ്രിതത്തിൽ യൂറിക്കാസിഡിന്റെ അളവ് കൂടുതലാണ് എന്നതാണ് പരിശോധന റിപ്പോർട്ടിലുള്ളത്.

(ഡി) ഒരു കുട്ടിക്ക് ഒരുദിവസം 100 ഗ്രാം ഭക്ഷ്യമിശ്രിതമാണ് നൽകുന്നത്. 100 ഗ്രാം ഭക്ഷ്യമിശ്രിതത്തിൽ 60 ഗ്രാം ഗോതമ്പ്/അരി, 20 ഗ്രാം ചെറുപയർ, 10 ഗ്രാം നിലക്കടല, 10 ഗ്രാം പഞ്ചസാര എന്നിവയാണടങ്ങിയിട്ടുള്ളത്.

(ഇ & എഫ്) കമ്പനിയുടെ ആസ്ഥാനം സംസ്ഥാനത്തല്ല. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ജി) മിൽമാ പാലിന്റെ ദൗർലഭ്യം മൂലം പാൽവിതരണം നിർത്തിവച്ചു.

അംഗൻവാടി ഹെൽപ്പർമാർക്ക് പ്രൊമോഷൻ

19 [2156] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ അംഗൻവാടികളിൽ ഹെൽപ്പറായി ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായവർക്ക് വർക്കറായി പ്രൊമോഷൻ കൊടുക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്. എസ്. എൽ. സി. പാസ്സായ ഹെൽപ്പർമാരിൽ എത്ര പേർക്ക് വർക്കറായി പ്രൊമോഷൻ കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, പേരാമ്പ്ര ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ എത്ര ഹെൽപ്പർമാർ എസ്. എസ്. എൽ. സി. പാസ്സായവരായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 12-1-1987-ലെ സർക്കാർ ഉത്തരവ് (എം. എസ്.) 11/87/സാക്ഷേവ. പ്രകാരം എസ്.എസ്.എൽ.സി. പാസ്സായ ഹെൽപ്പർമാർക്ക് വർക്കറായി നിയമനം നൽകുന്നതിന് നിർദ്ദേശം നൽകുകയും 1-11-1991-ലെ സ.ഉ. (സാധാ.) 258/91/സാക്ഷേവ. പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയുമുണ്ടായി. എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായ ഹെൽപ്പർ മാർക്ക് സ്ഥിരമായി വർക്കറായി പ്രൊമോഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

മലയോര പ്രദേശമായ റാന്നി പ്രോജക്ടിലെ അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതി

20 [2157] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ഏതെക്കെ പ്രോജക്ടുകളിലാണ് കെട്ടിടം നിർമ്മിച്ചത്;

(സി) മലയോര പ്രദേശമായ റാന്നി പ്രോജക്ടിലെ അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) അംഗൻവാടികൾക്കുള്ള കെട്ടിട നിർമ്മാണം അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വിഷയമായതിനാൽ ഇതിലേക്ക് ആവശ്യമായ തുക പ്രധാനമായും ടി സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് വിനിയോഗിച്ച് വരുന്നത്. കൂടാതെ ബഹു. എം. പി., എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടുകൾ, സർക്കാരിന്റെ മറ്റു ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടുകൾ, ലോകബാങ്ക് സഹായ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ വിഹിതം, സംസ്ഥാന സർക്കാരിന്റെ പ്ലാൻ വിഹിതം, രേണ നവീകരണ പദ്ധതി വിഹിതം എന്നിവയും ഈ ആവശ്യത്തിന് വിനിയോഗിക്കാറുണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന പ്രോജക്ടുകളിലാണ് കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

(സി) റാന്നി ഐ. സി. ഡി. എസ്. പ്രോജക്ടിൽ കെട്ടിടം ഇല്ലാത്ത 16 അംഗൻവാടി സെന്ററുകൾക്ക് കെട്ടിട നിർമ്മാണം/അറ്റകുറ്റപണികൾ എന്നിവയ്ക്ക് സംസ്ഥാന പ്ലാൻ ഫണ്ട്, രേണ നവീകരണ പദ്ധതി എന്നിവയിലൂടെ ഫണ്ട് ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ

21 [2158] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണത്തിന്റെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly